# ഐടി @ സ്കൂൾ പദ്ധതിക്ക് അവാർഡ്

തിരുവനന്തപുരം: ദേശീയതലത്തിൽ ഓപ്പൺ സോഴ്സ് ഉപയോഗിച്ചുള്ള മികച്ച പ്രോജക്ടുകൾക്ക് ഏർപ്പെടുത്തിയ 'ദ് വേൾഡ് ഈസ് ഓപ്പൺ അവാർഡ്' പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഐടി അറ്റ്സ്കൂൾ പ്രോജക്ടിനു ലഭിച്ചു.

സ്കോച്ച് കൺസൽറ്റൻസി സർവീസും റെഡ്ഹാറ്റും സംയുക്തമായാണ് അവാർഡ് നൽകുന്നത്.

ഡൽഹിയിൽ നടന്ന ചടങ്ങിൽ ഐടിഅറ്റ്സ്കൂൾ പ്രോജക്ട് എക്സിക്യൂട്ടീവ് ഡയറക്ടർ കെ. അൻവർ സാദത്ത് പിഎൻബിയുടെ സിഎംഡി: ഡോ. ചക്രബർത്തിയിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങി.

എജ്യൂസാറ്റിൽ വിദ്യാഭ്യാസത്തിനു മാത്രമായി നോൺ- ഇന്ററാക്ടീവ് ചാനൽ, പ്രതിവർഷം 16 ലക്ഷം വിദ്യാർഥികൾക്കു സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ അധ്യയനവും പരീക്ഷയും തുടങ്ങി വിദ്യാഭ്യാസ മേഖലയ്ക്കു മാതൃകയാണ് ഐടിഅറ്റ്സ്കൂൾ പ്രോജക്ടെന്നു ജൂറി അഭിപ്രായപ്പെട്ടു.

പ്രാദേശി